**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2704** **04-03-2025 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ടിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ റിസ്ക് ഫണ്ടിൽ നിന്നും സഹായം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ സഹായം അനുവദിച്ചുകിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും അപേക്ഷയും അനുബന്ധങ്ങളും, റിസ്ക് ഫണ്ട് നിയമാവലിപ്രകാരം സമർപ്പിക്കാത്തതിനാൽ അതിൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് സംഘങ്ങൾക്ക് വീണ്ടും നിർദ്ദേശം നൽകേണ്ടി വരികയും, ആയത് പരിഹരിച്ച് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. റിസ്ക് ഫണ്ട് നിയമാവലി പ്രകാരം പരിശോധിച്ച് അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കി ബോർഡിന് സമർപ്പിക്കുന്നതിനായി ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ ബാങ്ക്/സംഘത്തിൽ നിന്നും ന്യൂനത പരിഹരിച്ച് ലഭിക്കാനുള്ള ഫയലുകളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിനായി വീണ്ടും ബാങ്ക്/സംഘത്തിന് കത്ത് നൽകുകയും, ന്യൂനത പരിഹരിച്ച് ലഭിക്കുന്നതിനായി ജില്ലാതല അദാലത്തുകൾ നടത്തുന്നതിനും, ന്യൂനത പരിഹരിച്ച് ലഭ്യമാകുന്ന അപേക്ഷകൾ പരമാവധി വേഗത്തിൽ തീർപ്പാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വായ്പക്കാരിൽനിന്നും ഈടാക്കിയ റിസ്ക് ഫണ്ട് വിഹിത തുകയുടെ ജി.എസ്.ടി. വിവിധ ബാങ്ക് ശാഖകൾ കൃത്യമായി അടയ്ക്കാത്തതുമൂലം ധനസഹായം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | റിസ്ക് ഫണ്ട് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ബാങ്ക്/സംഘങ്ങൾ റിസ്ക് ഫണ്ട് വിഹിത തുകയുടെ ജി.എസ്.ടി യഥാസമയം അടയ്ക്കാത്തതുമൂലം ഇത്തരത്തിലുള്ള ധനസഹായ അപേക്ഷകൾ ന്യൂനതയാവുകയും ആയത് പരിഹരിക്കുന്നതിന് ബാങ്ക്/സംഘങ്ങളെ രേഖാമൂലം അറിയിക്കാറുമുണ്ട്. |
| (സി) | കേരള ബാങ്ക് പുതുക്കാട് ശാഖയിൽനിന്നും വായ്പയെടുത്ത സദാനന്ദൻ കെ.ആർ.(വായ്പ നമ്പർ 80009899625)-ന്റെ ചികിത്സാധനസഹായ അപേക്ഷ വർഷങ്ങൾ പിന്നിട്ടിട്ടും പരിഗണിച്ച് | (സി) | ശ്രീ. സദാനന്ദൻ കെ.ആർ എടുത്ത വായ്പയ്ക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ധനസഹായം അനുവദിക്കാത്തത് പരിശോധിക്കുന്നതിനും അടിയന്തരമായി അർഹമായ ധനസഹായം അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ